## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1503** **15.6.2012-ന് മറുപടിക്ക്**

### ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം നെടുമുടി, കൈനകരി ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വമിഷന്റെ കീഴിൽ ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം, നെടുമുടി, കൈനകരി ഗ്രാമ പഞ്ചായത്തുകളിൽ ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് നിർമ്മാണത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യയും നിർവഹണ ഏജൻസിയെയും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഇക്കോസാൻ ടോയ്‌ലെറ്റുകൾക്കു പകരം എന്ത് സംവിധാനം ഏർപ്പെടുത്തുന്നതിനാണ് നടപടി സ്വീകരിച്ചത് ; | ബി) സമുദ്രനിരപ്പിൽ നിന്നും താഴ്ന്നതും വെള്ളപ്പൊക്ക ഭീഷണിയുള്ളതുമായ കുട്ടനാടു പോലുള്ള പ്രദേശങ്ങളിൽ പരിസ്ഥിതി മലിനീകരണം ഒഴിവാക്കിക്കൊണ്ട് നിർമ്മിക്കുവാൻ നിർദ്ദേശിക്കപ്പെട്ട ഇക്കോസാൻ ടോയിലറ്റുകൾക്കു പകരം അനുയോജ്യവും ലഭ്യമായതുമായ മറ്റ് സാങ്കേതിക വിദ്യ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | ഇക്കോസാൻ ടോയലറ്റുകൾക്കു പകരം കുട്ടനാടിന് അനുയോജ്യ മായ ടോയ്ലറ്റുകൾ നിർമ്മിക്കുന്ന തിന് നടപടി സ്വീകരിക്കുമോ ; | സി) | കുട്ടനാടിന് ഏറ്റവും അനുയോജ്യമായതും ലഭ്യമായതുമായ സാങ്കേതിക വിദ്യ ഉപ യോഗിച്ചുള്ള ടോയ്ലറ്റ് നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | കമ്മ്യൂണിറ്റി കോംപ്ലക്സുകൾക്ക് അനുവദിച്ചിരിക്കുന്ന തുക വിനി യോഗിച്ച് പൊതു സ്ഥലങ്ങളിൽ ടോയ്ലെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീ കരിക്കുമോ ? | ഡി) | കമ്മ്യൂണിറ്റി കോംപ്ളക്സുകൾക്ക് അനു വദിച്ചിരുന്ന തുക നേരത്തേ നിർദ്ദേശിച്ച പ്രകാരം പാടശേഖരങ്ങളിലെ കളങ്ങളിൽ വിനിയോഗിക്കുന്നത് പ്രായോഗികമല്ലെന്നു കണ്ടതിനെ തുടർന്ന് ടി തുക കൂടി വ്യക്തി ഗത കുടുംബങ്ങൾക്കുള്ള സാനിട്ടറി സൗകര്യത്തിനുള്ള ഭൗതിക ലക്ഷ്യത്തിൽ വർദ്ധനവ് വരുത്തി ചെലവഴിക്കാനുള്ള ജില്ലാ തല സമിതിയുടെ ശുപാർശ സർക്കാ രിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ